LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ വിപണനം മുഖാന്തിരമുള്ള ഗതാഗത തടസ്സം

165 (4500) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കേറിയ കായംകുളം കെ. പി. റോഡിന്റെ വശങ്ങളിൽ പതിവായി കിലോമീറ്ററുകളോളം ദൂരം ഇടവിട്ട് ഗതാഗത തടസ്സം ഉണ്ടാകുന്ന തരത്തിൽ മത്സ്യവിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും പൊതുമാർക്കറ്റിലേക്ക് മത്സ്യ വിപണനം മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം എല്ലാ മാസവും കൂടുന്ന ട്രാഫിക് റഗുലേറ്ററി കമ്മിറ്റിയിൽ, മുൻസിപ്പാലിറ്റി അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ടി മത്സ്യവിപണനക്കാരെ സ്ഥിരമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കായംകുളം നഗരസഭാ അധികൃതർ സ്വീകരിച്ചു വരുന്നുണ്ട്.

പോലീസിന്റെ മനുഷ്യാവകാശ ലംഘന പ്രവർത്തനങ്ങൾ

166 (4501) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ മനുഷ്യാവകാശലംഘന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കേരള ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; കള്ളക്കേസുകൾ ഉണ്ടാക്കുന്ന പോലീസുകാരെ കണ്ടെത്തി ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം എ -യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.